# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 453

**10.03.2015 - ലെ മറുപടിയ്ക്ക്**

## ഖജനാവിനുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി**<br>**ശ്രീ.എം.ഹംസ**<br>**ശ്രീമതി.കെ.കെ.ലതിക**<br>**ശ്രീ.പി.ടി.എ.റഹീം** | **ശ്രീ.കെ.എം.മാണി**<br>**ബഹു.ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി** |
| (എ) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും വരുമാന ചോർച്ച തടയുന്നതിന്, എത്രത്തോളം സാദ്ധ്യമാകുന്നുണ്ടെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | സംസ്ഥാനത്ത് നിലവിൽ സാമ്പത്തിക പ്രതിസന്ധിയില്ല. സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ വരുമാനത്തിൽ പ്രതീക്ഷിച്ച വർദ്ധനവുണ്ടാകാതിരുന്ന സാഹചര്യത്തിൽ അധിക നികുതി നികുതിയേതര നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും ഉപാധിരഹിത സ്റ്റേകൾ പിൻവലിച്ചും കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് കർശന നടപടികൾ കൈക്കൊണ്ടും വിഭവ സമാഹരണം ഊർജ്ജിതപ്പെടുത്താനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) വിവിധ മേഖലകളിൽ നികുതി വെട്ടിപ്പ് തുടരുന്നതായ വർത്തകൾ സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ; | ഉണ്ട്. |
| (സി) സംസ്ഥാന ഖജനാവിനുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ നിലവിലെ സംവിധാനങ്ങൾക്ക് വേണ്ടത്ര സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;<br>(ഡി) നികുതി വെട്ടിപ്പും അഴിമതിയും അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വരുമാനം ചോരുന്ന | നികുതി പിരിവിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇതിന്റെ ഭാഗമായി വാണിജ്യ നികുതി ഇൻസ്പെക്ടർമാർ, അസി. കമ്മീഷണർമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി കൈക്കൊണ്ടിട്ടുമുണ്ട്. ചെക്ക് പോസ്റ്റിലെ പരിശോധന കർശനമാക്കിയിട്ടുണ്ട്. ഇത് രേഖാ പരിശോധനയിൽ ചുരുങ്ങാതെ, |

| | |
|---|---|
| വഴികൾ കണ്ടെത്താനുള്ള നടപടികൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | സെലക്റ്റീവായി വിശദമായ വെരിഫിക്കേഷൻ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ചെക്ക് പോസ്റ്റുകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ ടേക്ക് ഓവറും, ഓവർ ചെക്കിംഗും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിനകത്തെ ചരക്ക് വാഹനങ്ങളുടെ പരിശോധനയും കർശനമാക്കിയിട്ടുണ്ട്. ഇക്കണോമിക് ഇന്റലിജൻസ് വിംഗ് പുറം ഏജൻസിയിൽ നിന്നും ശേഖരിക്കുന്ന രേഖകൾ ഡീലർമാരുടെ റിട്ടേണുമായി ഒത്തു നോക്കി നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നുണ്ട്. നികുതി വെട്ടിപ്പിനു കൂടുതൽ സാധ്യതയുള്ള ചരക്കുകളിൽ മുൻകൂർ നികുതി ഏർപ്പെടുത്തുകയും ആയതിന്റെ തറവില സമയാസമയങ്ങളിൽ പുനർ നിർണ്ണയിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ആദായ നികുതി, കസ്റ്റംസ് തുടങ്ങിയ കേന്ദ്ര ഏജൻസികളുമായി സഹകരിച്ച് 360 ഡിഗ്രി മോണിറ്ററിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നികുതി കുടിശ്ശിക റവന്യൂ റിക്കവറി നടപടികളിലൂടെ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**